Draft #1 of File 134926/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 11-Oct-2021 02:55 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

അഫിലിയേറ്റഡ് കോളേജുകൾ - വിവിധ ബിരുദ/ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന യോഗ്യതകളിൽ മാറ്റം വരുത്തുന്നത്- നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5368/AC A 1/2021/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 11.10.2021

---

*പരാമർശം:*-1.)കുറിപ്പ് നം. വി.സി. 702/01/098/2021 തീയതി 07.10.2021

**ഉത്തരവ്**

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശന യോഗ്യതയിൽ മാറ്റം വരുത്തുന്നതിന് ഓരോ അക്കാദമിക വർഷത്തിലും ബന്ധപ്പെട്ട കോളേജുകളിൽ നിന്നും നിരവധി അപേക്ഷകൾ ലഭിക്കുന്ന സാഹചര്യത്തിൽ, പ്രസ്തുത വിഷയത്തിൽ പരാമർശം (1) പ്രകാരം താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും, ടി നിർദ്ദേശങ്ങൾക്ക് മഹാത്മാഗാന്ധി സർവ്വകലാശാലാ ആക്ട് 1985 , അദ്ധ്യായം III , സെക്ഷൻ 10(17) പ്രകാരമുള്ള അധികാരമുപയോഗിച്ച് അംഗീകാരം നൽകിക്കൊണ്ടും വൈസ് ചാൻസലറുടെ ചുമതലയുള്ള പ്രൊ-വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

"സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ,ബിരുദാനന്തര-ബിരുദ പ്രോഗ്രാമുകളിലെ സിലബസ് പരിഷ്കരണ വേളയിൽ അംഗീകരിച്ച സിലബസിനോടൊപ്പമുള്ള പ്രവേശന യോഗ്യതയിൽ മാറ്റം വരുത്തുന്നത് അടുത്ത സിലബസ് പരിഷ്കരണ വേളയിൽ മാത്രമായിരിക്കണമെന്നു നിഷ്കർഷിക്കുന്നു. ഒരു പ്രാവശ്യം സിലബസ് അംഗീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയിൽ അടുത്ത സിലബസ് പരിഷ്കരണത്തിനു മുൻപായി മാറ്റം വരുത്തുന്നതിനു അനുമതി നൽകേണ്ടതില്ല എന്നും നിഷ്കർഷിക്കുന്നു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ

2.വൈസ് ചാൻസലർ / പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.ഓഡിറ്റ്/അക്കൗണ്ട്സ്/ ഫിനാൻസ്/ പരീക്ഷ / അക്കാദമിക് സെക്ഷനുകൾ
6.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി / സിറ്റാഡ് / കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
7.എസി എ 1/ എസി എ 4/എസി എ 8/ എസി എ 9 /എസി ബി 6/ എസി ബി 7
8.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 134926/AC A1-2/2021/AC A 1 Approved by ASSISTANT REGISTRAR I (ACADEMIC) on 11-Oct-2021 02:55 PM - Page 2